# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3010 22.2.2016-ൽ മറുപടിയ്ക്ക്

## കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റേയും, കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിന്റേയും പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിലേയും, കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലേയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) മികച്ച പ്രതിരോധശേഷിയുള്ള വിഗോവ ഇനത്തിൽപ്പെട്ട താറാവുകളെയാണ് കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ വളർത്തുന്നത്. പരമ്പരാഗതവും ആധുനികവുമായ താറാവ് വളർത്തൽ രീതിയാണ് ഈ ഫാമിൽ അനുവർത്തിച്ചുവരുന്നത്. ഈ ഫാമിൽ വിരിയിച്ചെടുക്കുന്ന താറാവിൻ കുഞ്ഞുങ്ങളെ ആവശ്യക്കാരായ കർഷകർക്കു വിതരണം ചെയ്തു വരുന്നു.<br>സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നത് കൊട്ടിയത്തെ കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലാണ്. അതിനുപുറമേ കെപ്കോ ഇന്റഗ്രേഷൻ ഫാമുകളിലും ഇവിടെ ഉല്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. |
| ബി) രണ്ടു സ്ഥാപനങ്ങളിലെയും ഉല്പാദന ക്ഷമത എത്രയാണെന്നും, നിലവിലെ ഉല്പാദനം എത്രയാണെന്നും വ്യക്തമാക്കുമോ; | ബി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ ഒരേ സമയം 15000 താറാവിൻ കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാനുള്ള ശേഷിയുണ്ട്. ഇപ്പോൾ ശരാശരി 500 കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നു. ഒരേ സമയം 1250 താറാവുകളെ വളർത്താനുള്ള ശേഷി ഫാമിനുണ്ട്. ഇപ്പോൾ 1100 |

താറാവുകളെ ഇവിടെ വളർത്തുന്നുണ്ട്. കൊട്ടിയം ഫീഡ് മിക്സിംഗ് പ്ളാന്റിന്റെ പ്രതിദിന ഉല്പാദനശേഷി 8-10 മെട്രിക് ടൺ ആകുന്നു. ഇപ്പോൾ ഉത്പാദനം ഉള്ള ദിവസങ്ങളിൽ ശരാശരി 7 മെട്രിക് ടൺ കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നുണ്ട്.

സി) പ്രസ്തുത രണ്ട് സ്ഥാപനങ്ങളും ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

സി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രവും കോഴിത്തീറ്റ ഉല്പാദനകേന്ദ്രവും ലാഭനഷ്ടാടിസ്ഥാനത്തിലല്ല പ്രധാനമായും പ്രവർത്തിക്കുന്നത്. കോഴിത്തീറ്റ ഉല്പാദനം നടക്കുന്നത് വാണിജ്യാടിസ്ഥാനത്തിലല്ല. ഈ കോർപ്പറേഷൻ നടപ്പാക്കുന്ന നിരവധി പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ തീറ്റ മുഖ്യമായും ഉപയോഗിക്കുന്നത്. താറാവ് വളർത്തൽ ഒരു പ്രധാന ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ള കൊല്ലം, ആലപ്പുഴ ജില്ലകളിലെ കർഷകർക്ക് പ്രോത്സാഹനം നൽകുക എന്നതാണ് താറാവ് വളർത്തൽ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ഈ സാഹചര്യത്തിൽ ഈ രണ്ട് യൂണിറ്റുകളുടേയും മാത്രം പ്രവർത്തനം ലാഭനഷ്ടാടിസ്ഥാനത്തിൽ കണക്കാക്കാൻ കഴിയുകയില്ല. ഈ കോർപ്പറേഷന്റെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടു മാത്രമേ ഇവയെ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ